ശ്രീ. കെ. ഹസ്സൻകുനി : മലപ്പുറത്തെ പ്രത്യേകമായി പരിഗണിച്ച് ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലത്തു യാതൊരു ആശുപത്രിയുമില്ലെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് അവിടെയൊരു ഡിസ്പെൻസറി സ്ഥാപിക്കാൻ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുമോ ?

ഡാക്ടർ എ. ആർ. മേനോൻ : തീർച്ചയായും ശ്രദ്ധിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ആശുപത്രികളും കുറവായ സ്ഥലങ്ങളിൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറ് അനേക്ഷിച്ച് ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. മലപ്പുറത്തു് ഒരു ആശുപത്രി ആവശ്യമാണോ എന്ന കാര്യം ഗവണ്മെൻറ് അനേക്ഷിക്കുമോ ?

ഡാക്ടർ എ. ആർ. മേനോൻ : അനേക്ഷിക്കാം.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളക്കുടിശ്ശിക.

*1544. [2] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ശമ്പള വർദ്ധനവിൻറെ ഫലമായി പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകർക്ക് പല വർഷങ്ങളായി ശമ്പളക്കുടിശ്ശിക, എത്ര തുക മൊത്തം കൊടുക്കാനുണ്ട്;

(ബി) കുടിശ്ശിക കിട്ടാത്തതിനെപ്പറ്റി അദ്ധ്യാപകരിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ. ബി. സി.) പരിഷ്കരിച്ച ശമ്പളസ്കെയിലനുസരിച്ചുള്ള ശമ്പളം കൊടുത്തുവരുന്നു. വെയിറേറജ് ഫിക്സേഷൻ കഴിഞ്ഞു് കൺട്രോളർക്ക് അയച്ചിട്ടുണ്ട്. അതു വഴിക്കു് എന്തെങ്കിലും കുടിശ്ശിക കിട്ടാനുണ്ടോ എന്നതിട്ടപ്പെടുത്തി പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ശിവൻപിള്ള : ശമ്പള പരിഷ്കാരം അനുസരിച്ചുള്ള അരിയേഴ്സ് കിട്ടാനുള്ളതു കൊടുത്തിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശമ്പളം ഇപ്പോൾ കൊടുത്തു വരുന്നുണ്ട്. വല്ല ടെക്നിക്കൽ ഒബ്ജക്ഷനും ഉള്ളതുകൊണ്ടു് കിട്ടാതുണ്ടെങ്കിൽ വേണ്ടതു ചെയ്യാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ശമ്പള പരിഷ്കാരത്തിൻറെ ഫലമായി മലബാറിലെ ഭാഷാദ്ധ്യാപകന്മാർ മുൻപു വാങ്ങിയിരുന്ന അലവൻസും മുടക്കിക്കൊടുക്കണമെന്നു് ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരാതി ലഭിച്ചിട്ടുള്ളതായി വിവരമില്ല.

ശ്രീ. കെ. സി. ഏബ്രഹാം : ശമ്പളം കുടിശ്ശിക കിട്ടാനുണ്ടെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വളരെ വേഗത്തിൽ പരിശോധിച്ചു് നടപടിയെടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. കഴിയുന്നതും വേഗത്തിൽ തീരുമാനമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ചോദ്യം ബി. യിൽ കടിഞ്ഞിക കിട്ടാത്തതു കൊണ്ടു് പരാതിയുണ്ടോ എന്നുള്ള ചോദ്യത്തിനു് മറുപടി കിട്ടിയില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരാതികളും വളരെക്കാലമായുണ്ടു്. തിരിച്ചു തിരിച്ചു പരാതിയില്ല. വെയിറേജു് കൊടുക്കാൻ താമസിച്ചു പോയി എന്നാണു് പരാതി പ്രധാനമായിട്ടുള്ളതു്. അതു ഞാൻ നേരത്തെ പറഞ്ഞു, നടപടികളും എടുത്തുകൊണ്ടിരിക്കുകയാണെന്നു്.

ശ്രീ. പി. ടി. ചാക്കോ : അതുകൊണ്ടു് ചോദ്യം ശമ്പളപരിഷ്കാരത്തിന്റെ ഫലമായി അരിയേഴ്സ് എത്ര കൊടുക്കാനുണ്ടെന്നാണെന്നു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞു. ശമ്പളസ്കെയിൽ പരിഷ്കരിച്ചതു് ഇന്ന യിടെയാണു്. അതു കൊടുത്തുവരുന്നു. മുഴുവൻ ശമ്പളവും താരതമ്യപ്പെടുത്തി അതു കിട്ടുന്നതിനു് വല്ല ടെക്നിക്കൽ ഒബ്ജക്ഷനുമുണ്ടെങ്കിൽ അതു മാറാൻ നടപടികളെടുക്കുന്നതാണു്.

ശ്രീ. പി. ടി. ചാക്കോ : കടിഞ്ഞിക കൊടുക്കുന്നതിനേപ്പറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാണു് ചോദ്യം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതാണു് പറഞ്ഞതും. പി. എസ്സ്. എസ്സ്. സ്കീം നടപ്പിലായിത്തീർന്നതു മുതൽ ഫിക്സേഷൻ കഴിഞ്ഞു് അതു പരിശോധിച്ചു് വല്ല ടെക്നിക്കൽ ഒബ്ജക്ഷനുമുണ്ടെങ്കിൽ അതു പരിശോധിച്ചു് വേഗത്തിൽ നടപടി നടത്തുമെന്നു്.

ശ്രീ. പി. ടി. ചാക്കോ : ശമ്പളപരിഷ്കാരത്തെപ്പറ്റി മുൻപത്തെ ചോദ്യത്തിലുണ്ടു്: കടിഞ്ഞിക കൊടുക്കാത്തതിനെപ്പറ്റിയാണു്. പലവകയിൽ കടിഞ്ഞികയുണ്ടു്. പരിഷ്കാരത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളം കൊടുത്തുവരികയാണു്. പരിഷ്കരിച്ച ശമ്പളത്തിൽ വളരെയധികം കടിഞ്ഞിക വരാൻ സാധ്യതയില്ല. വല്ല കാരണവശാലും മുൻപത്തെ കടിഞ്ഞികയുണ്ടെങ്കിൽ അതൊക്കെ അഡ്ജസ്റ്റു ചെയ്തു ശരിയാക്കേണ്ടിവരും. ഇന്നയിന്ന ഇനങ്ങളിൽ കടിഞ്ഞിക ഇത്രയെന്നു പറയാൻ നിവൃത്തിയില്ല.

ഇലക്ട്രിക്കു് ലൈൻ വലിക്കുമ്പോൾ വെട്ടിയ വൃക്ഷങ്ങൾക്കുള്ള പ്രതിഫലം.

* 1545. [3] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഇലക്ട്രിക്കു ലൈൻ വലിക്കുമ്പോൾ വെട്ടി നശിപ്പിക്കപ്പെടുന്ന തെങ്ങു്, കമുകു് തുടങ്ങിയ വൃക്ഷങ്ങൾക്കു് പൂരയിടഉടമസ്ഥനു് പ്രതിഫലം കൊടുക്കുന്നതു് ഏതു മാനദണ്ഡം വച്ചുകൊണ്ടാണു്;

(ബി) 1957 ഏപ്രിൽ മാസത്തിനുശേഷം ലൈൻ വലിച്ചതിന്റെ വകയിൽ മേൽപ്രകാരം പ്രതിഫലം ലഭിക്കാൻ അർഹതയുള്ള എത്ര പേർക്കു തുക നൽകാതെയുണ്ടു്;

(സി) മീനച്ചിൽ, തൊടുപുഴ എന്നീ താലൂക്കുകളിൽ പ്രതിഫലത്തുക നിശ്ചയിച്ചതിലും, അതിന്റെ വിതരണത്തിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly